**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 416** **13-01-2021 - ൽ മറുപടിയ്ക്ക്**

**കേരളീയന്റെ ആളോഹരി കടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാന സർക്കാരിന്റെ കടം എത്ര കോടി രൂപയായിരുന്നു എന്ന് വിശദമാക്കാമോ; | (എ) | 2011 മാർച്ച് 31 ലെ ആകെ കടബാധ്യത 78,673/- കോടി രൂപയായിരുന്നത് 2016 മാർച്ച് 31 ന് 1,57,370/- കോടി രൂപയായി. |
| (ബി) | 2011-16 കാലഘട്ടത്തിലെ മുൻ സർക്കാർ ആരിൽ നിന്നെല്ലാമാണ് കടം വാങ്ങിയിരുന്നത് എന്ന് വിശദമാക്കാമോ; ആ കടത്തിൻമേൽ ഏറ്റവും കൂടുതൽ പലിശ നൽകിയത് ആരിൽ നിന്നെടുത്ത കടത്തിനായിരുന്നു; പ്രസ്തുത തുകയുടെ പലിശ നിരക്ക് എത്രയായിരുന്നു; | (ബി) | 2011-16 കാലഘട്ടത്തിൽ പൊതു വിപണി, നബാർഡ്, National Small Savings Fund, കേന്ദ്ര സർക്കാർ വായ്പ എന്നീയിനങ്ങളിലാണ് പ്രധാനമായും സംസ്ഥാന സർക്കാർ വായ്പ എടുത്തിട്ടുള്ളത്. ഇതിൽ National Small Savings Fund ൽ നിന്നുള്ള വായ്പയ്ക്കാണ് കൂടുതൽ പലിശ നൽകേണ്ടി വന്നിട്ടുള്ളത്. ഈ വായ്പയുടെ പലിശ നിരക്ക് 9.5% ആയിരുന്നു. |
| (സി) | 2011-16 കാലയളവിൽ മുൻസർക്കാർ പലിശയിനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വിശദമാക്കാമോ; | (സി) | 2011-16 കാലയളവിൽ മുൻ സർക്കാർ പലിശയിനത്തിൽ (മറ്റ് ബാധ്യതയിന്മേലുള്ള പലിശ ഉൾപ്പെടെ) ആകെ 42,644 കോടി രൂപയാണ് ചെലവഴിച്ചത്. ഇതിന്റെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു. |
| (ഡി) | 2020 ഡിസംബർ 31ന് സംസ്ഥാന സർക്കാരിന്റെ കടം എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ; കേരളത്തിന്റെ ദീർഘകാല, ഹ്രസ്വകാല വായ്പകൾക്ക് പലിശയിനത്തിൽ പ്രതിമാസം എത്ര കോടി രൂപയുടെ ബാദ്ധ്യത നിലവിൽ വരുന്നുണ്ടെന്ന് വിശദമാക്കാമോ; | (ഡി) | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2020 നവംബർ 30 വരെയുള്ള സംസ്ഥാന സർക്കാരിന്റെ കടം 2,91,200.41 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2019-20 സാമ്പത്തിക വർഷം പലിശയിനത്തിൽ 19214.70 കോടി രൂപയാണ് ചെലവായിട്ടുള്ളത്. അതനുസരിച്ച് പ്രതിമാസം ശരാശരി 1601.22 കോടി രൂപയുടെ ബാധ്യത പലിശയിനത്തിൽ വരുന്നുവെന്ന് കണക്കാക്കാവുന്നതാണ്. |
| (ഇ) | ഒരു കേരളീയന്റെ പേരിൽ സംസ്ഥാനം ഇപ്പോൾ എത്ര രൂപ കടത്തിലാണെന്നാണ് കണക്കാക്കുന്നത് എന്ന് വിശദമാക്കുമോ; | (ഇ) | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2020 നവംബർ 30 ന് സംസ്ഥാനത്തിന്റെ ആകെ കടബാധ്യത |

| | | | |
|---|---|---|---|
| | | | 2,91,200.41 കോടി രൂപയാണ്. അതനുസരിച്ച് ആളോഹരി കടബാധ്യത 84,125.50 രൂപയാണ്. |
| (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിദേശത്ത് നിന്നും സർക്കാർ കടം വാങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വീതം ആരിൽ നിന്നെല്ലാമെന്നും അതിന്റെ പലിശ നിരക്ക് എത്രയെന്നും ഇതുവരെ ഈ പലിശയിനത്തിൽ ഓരോരുത്തർക്കും എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ? | (എഫ്) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ ഏജൻസികളിൽ നിന്നും വാങ്ങിയ വായ്പകൾ സംബന്ധിച്ച വിവരങ്ങളും വിദേശസഹായ വായ്പകളുടെ പലിശയിനത്തിൽ ഇതുവരെ ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ